**<u>നഗരാസൂത്രകന്റെ കാര്യാലയം,</u>**

**<u>ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224,</u>**

Email- tcpdidk@gmail.com.

**<u>നഗരാസൂത്രകന്റെ നടപടിക്രമം</u>**

**<u>(ഹാജർ ജിമ്മിച്ചൻ മാത്യൂ, നഗരാസൂത്രകൻ)</u>**

വിഷയം: കുമളി ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ്, വാസഗൃഹം എന്നിവയുടെ നിർമ്മാണം – സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:ജാൻഷെർ ഖാൻ പി.എസ്., ഹാരുൺ മൻസിൽ, റോസാപ്പൂക്കണ്ടം, കുമളി പി. ഓ. എന്നയാളുടെ 02/03/2020 ലെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ TCPIDK/47/20120 – D1 തീയതി 11/03/2020</u>**

കുമളി ഗ്രാമപഞ്ചായത്തിൽ കുമളി വില്ലേജ് സർവ്വേ നമ്പർ 12/5-1 ൽ പെട്ടതും, ജാൻഷെർ ഖാൻ പി.എസ്., ഹാരുൺ മൻസിൽ, റോസാപ്പൂക്കണ്ടം, കുമളി പി.ഓ. എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതുമായ 3723 ച.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് 187.06 ച.മീ. വിസ്തീർണ്ണമുള്ള കാനോപ്പി, 42.00 ച.മീ built up Area ഉള്ള സെയിൽസ് /ഓഫീസ് കെട്ടിടം എന്നിവ ഉൾപ്പെടുന്ന പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനും കൂടാതെ BA/293565/2018 നമ്പർ കെട്ടിടനിർമ്മാണ അനുമതി ലഭിച്ചിട്ടുള്ള വാസഗൃഹം 699.39 ച.മീ. built up Area യോട്ടുകൂടി പ്ലാൻ പുതുക്കി നിർമ്മാണം നടത്തുന്നതിനും പരാമർശം മുഖേന ലഭിച്ചതായ ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം കെ .പി.ബി.ആർ. 2019 ചട്ടം 5(6)(1) പ്രകാരമുള്ള വിലയിരുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ 2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി അതിരുകൾ, അളവുകൾ, നിർമ്മാണാവകാശം എന്നിവയും ടി സ്ഥലത്ത് പുറംപോക്ക് ഭൂമി ഉൾപ്പെടുന്നില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2. നിലവിലുള്ള നിയമപ്രകാരം മറ്റ് വകുപ്പുകൾ ഏജൻസികൾ എന്നിവയിൽനിന്നും ആവശ്യമായ അനുമതികൾ, അംഗീകാരങ്ങൾ എന്നിവ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത നിർമ്മാണം കെ.പി.ബി.ആർ 2019 – നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിട്ടായിരിക്കണം നിർവഹിക്കേണ്ടത്.

ഈ ഉത്തരവ് നിർമ്മാണ അനുമതി അല്ല. കെ.പി. ബി. ആർ. 2019 അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിൽ നിന്നും നിർമ്മാണ അനുമതി നേടേണ്ടതാണ്.

Signature Not Verified
Digitally signed by Jimmichen Mathew
Date: 2020.03.11 16:51:54 IST
Reason: Approved

**JIMMICHEN MATHEW, TP TPIDK, O/o TP TPIDK**

ഉള്ളടക്കം: അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ

To,
ജാൻഷെർ ഖാൻ പി.എസ്.,
ഹാരുൺ മൻസിൽ, റോസാപ്പൂക്കണ്ടം, കുമളി പി. ഓ.

പകർപ്പ്,

1. സെക്രട്ടറി, കുമളി ഗ്രാമപഞ്ചായത്ത്.
2. കരുതൽ